4. ആയുർവേദ മരുന്നുകളുടെ ഉല്പാദനവും, വില്പനയും.

5. അംഗസംഘങ്ങൾക്ക് അവയുടെ പ്രവർത്തനത്തിനായി ധനസഹായം ലഭ്യമാക്കുക മുതലായവ.

(സി) കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ പ്രവർത്തനഫലമായി 2003-2004-ൽ ഏകദേശം 25,000 പേർക്കും പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനഫലമായി 1216 പേർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിന് വക കൊള്ളിച്ച തുകയും വിനിയോഗവും

116 [3703] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി എത്ര രൂപയാണ് ഓരോ സാമ്പത്തിക വർഷവും നീക്കിവച്ചിരുന്നത്;

(ബി) അതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(സി) ചെലവഴിക്കാത്ത തുക എത്ര;

(ഡി) ഇതേ കാലയളവിൽ കേന്ദ്രത്തിൽ നിന്നും വിവിധ ഇനത്തിൽ എന്തു തുക ലഭിച്ചു എന്നും എന്ത് ചെലവഴിച്ചുവെന്നും ചെലവഴിക്കാത്ത തുക എത്രയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന പ്രവർത്തനങ്ങൾക്കായി 2004-2005 വരെ വകയിരുത്തിയിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

വർഷം	*വിഹിതം*	
	പദ്ധതി (രൂപ ലക്ഷത്തിൽ)	*പദ്ധതിയിതരം (രൂപ ലക്ഷത്തിൽ)*
2001-2002	16,214.30	5586.37
2002-2003	17,678.30	6019.97
2003-2004	21,046.64	6582.70
2004-2005	20,578.30	6640.42
ആകെ	60,517.54	24,829.46

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി കേന്ദ്ര സഹായ പദ്ധതികൾ ഉൾപ്പെടെ ഓരോ വർഷവും ബഡ്ജറ്റിൽ നീക്കിവച്ചിരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

2001-2002	6,467.48	ലക്ഷം രൂപ
2002-2003	12,134.26	,,
2003-2004	14,027.80	,,
2004-2005	11,582.74	,,

2003-2004 വർഷത്തെ ആകെ പദ്ധതി വിഹിതത്തിൽ 4,443.75 ലക്ഷം രൂപയും 2004-2005 വർഷത്തെ വിഹിതത്തിൽ 4816 ലക്ഷം രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് ഇൻ എയ്ഡാണ്.

(ബി, സി ആന്റ് ഡി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

വനവിഭവങ്ങൾ ശേഖരിക്കാനുള്ള ആദിവാസികളുടെ അവകാശം

117 [3704] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, എ. കെ. ബാലൻ:

,, വി. ചെന്താമരാക്ഷൻ:

,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങളിൽനിന്നും വനവിഭവങ്ങൾ ശേഖരിക്കാനുള്ള ആദിവാസികളുടെ അവകാശം നിഷേധിക്കപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തടിയേതര വിഭവശേഖരണത്തിലൂടെ ലഭിക്കുന്ന വരുമാനത്തെ മാത്രം ആശ്രയിച്ച് ഉപജീവനം നയിക്കുന്ന ആദിവാസികൾ ഇതുമൂലം പട്ടിണിയിലായിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മുൻകാലങ്ങളിലെന്നപോലെ വന്യജീവി സങ്കേതങ്ങളിൽനിന്നും തുടർന്നും വന്യജീവികൾക്കോ വനത്തിനോ കോട്ടം തട്ടാതെ വനവിഭവ ശേഖരണത്തിന് അനുമതി ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1-4-2003 മുതൽ നിലവിൽ വന്നിട്ടുള്ള 2002-ലെ കേന്ദ്ര വന്യജീവി സംരക്ഷണ (ഭേദഗതി) നിയമത്തിന്റെ 29-ാം സെക്ഷൻ പ്രകാരം വന്യജീവി സങ്കേതങ്ങളിൽ നിന്ന് വാണിജ്യാവശ്യങ്ങൾക്കായുള്ള വനവിഭവശേഖരണം നിരോധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly